**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 375** **13-03-2023 - ൽ മറുപടിയ്ക്ക്**

**അനധികൃതമായി കയ്യേറിയ വനഭൂമിയും റിസോർട്ടുകളും ഏറ്റെടുക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്രധാന വന്യമൃഗ സങ്കേതങ്ങളോട് ചേർന്നുള്ള തോട്ടം ഭൂമികളിൽ അനധികൃത റിസോർട്ടുകളുടെ നിർമ്മാണം വർദ്ധിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | വന്യമൃഗ സങ്കേതങ്ങളോട് ചേർന്ന് സ്വകാര്യ തോട്ടങ്ങൾക്കുവേണ്ടി പാട്ടത്തിന് നല്കിയിട്ടുള്ള ഭൂമിയെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാണോയെന്ന് അറിയിക്കുമോ; | (ബി) | പാലക്കാട് വന്യജീവി വിഭാഗത്തിന്റെ അധികാരപരിധിയിൽപ്പെട്ട പീച്ചി ഡിവിഷനിൽ പീച്ചി-വാഴാനി വന്യജീവി സങ്കേതത്തിന്റെ അതിർത്തിക്കുള്ളിൽ വാണിയം പാറ റബ്ബർ കമ്പനിക്ക് 356.1232 ഹെ. വനഭൂമി റബ്ബർ കൃഷിക്ക് പാട്ടത്തിന് 1917 കാലഘട്ടം മുതൽ നൽകിയിട്ടുണ്ട്. ചിമ്മിനി വന്യജീവി സങ്കേതത്തോട് ചേർന്ന് ജ്ഞംട്ടോളി, ഹാരിസൺ മലയാളം കമ്പനി ലിമിറ്റഡ് എന്നീ റബ്ബർ തോട്ടങ്ങൾ പാട്ട വ്യവസ്ഥയിൽ നൽകിയിട്ടുള്ള വനഭൂമിയിലാണ് ഉള്ളത്. ടി രണ്ട് തോട്ടങ്ങളും ഭാഗീകമായി ചിമ്മിനി വന്യജീവി സങ്കേതത്തിനകത്ത് വരുന്നു. ഭൂരിഭാഗം ഭാഗങ്ങളും ചാലക്കുടി ഡിവിഷന്റെ ഭാഗമായ പാലപ്പിള്ളി റെയിഞ്ചിനകത്ത് വരുന്ന പാട്ട വനഭൂമിയാണ്. |
| (സി) | പ്രസ്തുത മേഖലകളിലെ വന ഭൂമിയും റവന്യൂ പുറമ്പോക്ക് ഭൂമിയും പ്രത്യേകം അളന്ന് തിരിച്ചിട്ടുണ്ടോ; ഈ പ്രദേശങ്ങളിലെ പാട്ടത്തിനെടുത്ത ഭൂമിയിലോ അതിനടുത്ത കയ്യേറ്റ ഭൂമിയിലോ റിസോർട്ട് നിർമ്മിച്ച് കൊമേഴ്സ്യൽ ബിസിനസ് നടത്താൻ അനുമതി നല്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | വനഭൂമിയും സ്വകാര്യഭൂമിയും ചേർന്നുള്ള സ്ഥലങ്ങൾ ജണ്ട കെട്ടി വേർതിരിക്കുന്നതിനുള്ള സർവ്വെ നടപടികൾ നടന്നു വരുന്നു. അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് സർക്കിളിന്റെ അധികാര പരിധിയിൽ വരുന്ന വനഭൂമി അളന്നു തിരിച്ച് ജണ്ടകൾ കെട്ടി വേർതിരിച്ചിട്ടുണ്ട്. പാട്ടത്തിനു നൽകിയിട്ടുള്ള ഭൂമിയിലോ, കയ്യേറ്റ ഭൂമിയിലോ റിസോർട്ട് നിർമ്മിച്ച് കൊമേർഷ്യൽ ബിസിനസ്സ് നടത്തുവാൻ അനുമതി നൽകാൻ നിലവിലുള്ള നിയമപ്രകാരം വനം വകുപ്പിന് കഴിയില്ല. പാലക്കാട് |

| | | | |
|---|---|---|---|
| | | | വന്യജീവി വിഭാഗം സർക്കിളിന്റെ അധികാര പരിധിയിൽ വരുന്ന വനഭൂമിയും, റവന്യൂ പുറമ്പോക്ക് ഭൂമിയും പ്രത്യേകം അളന്നുതിരിച്ചിട്ടില്ല. |
| (ഡി) | ഇല്ലെങ്കിൽ അനധികൃതമായി കയ്യേറിയ വനഭൂമിയും നിയമ ലംഘനം നടത്തി അവിടെ നിർമ്മിച്ച റിസോർട്ടുകളും ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | അനധികൃതമായി വനഭൂമി കയ്യേറി നിയമ ലംഘനം നടത്തുന്നവർക്കെതിരെ നിലവിലുള്ള വന നിയമ പ്രകാരം കർശന നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## വിശദീകണക്കുറിപ്പ്

വനാതിർത്തി സർവ്വേ, ജിയോ റഫറൻസിംഗ് എന്നിവ **Differential Global Positioning System (DGPS)** ഉപയോഗിച്ച് നിർണ്ണയിക്കുന്നതിനുവേണ്ട പ്രാരംഭ പഠനം **(Pilot Study)** തിരഞ്ഞെടുക്കപ്പെട്ട ഫോറസ്റ്റ് ഡിവിഷനുകളിൽ നടത്തുന്നതിനും, ആയത് ഉപയോഗപ്പെടുത്തി ഒരു **Standard Operating Procedure (SOP)** തയാറാക്കുന്നതിലേക്കുമായി **Ministry of Environment Forest and Climate Change** ഫോറസ്റ്റ് സർവ്വെ ഓഫ് ഇൻഡ്യയെ **(FSI)** ചുമതലപ്പെടുത്തുകയും, കേരളത്തിൽ ചാലക്കുടി വനം ഡിവിഷനിൽ പൈലറ്റ് സ്റ്റഡി നടത്തുകയും ചെയ്തിരുന്നു. ഇപ്രകാരം ഫോറസ്റ്റ് സർവ്വെ ഓഫ് ഇൻഡ്യ തയ്യാറാക്കിയ കരട് **Standard Operating Procedure (SOP)** അഭിപ്രായങ്ങൾക്കും, നിർദ്ദേശങ്ങൾക്കുമായി ലഭിച്ചിരുന്നു. കൂടാതെ സംസ്ഥാനത്തെ വനാതിർത്തികൾ ഡിജിറ്റലൈസ് ചെയ്യുന്നതിലേക്കു വേണ്ടി വകുപ്പ് തയ്യാറാക്കിയ കരട് **Standard Operating Procedure (SOP)** സമർപ്പിച്ചതിൽ റവന്യൂ ഭൂമിയുമായി അതിർത്തി പങ്കിടുന്ന വന പ്രദേശത്ത് റവന്യൂ വകുപ്പ് തയ്യാറാക്കിയ **Standard Operating Procedure (SOP)** പ്രകാരവും, അല്ലാത്ത മേഖലകളിൽ ഫോറസ്റ്റ് സർവ്വെ ഓഫ് ഇൻഡ്യ തയ്യാറാക്കിയ **Standard Operating Procedure (SOP)** ഉപയോഗപ്പെടുത്തുവാനുമാണ് സർക്കാർ തീരുമാനമായിട്ടുള്ളത്.

കൂടാതെ കേരള സർക്കാരിന്റെ സർവ്വേ ലാൻഡ് റെക്കോർഡ്സ് വകുപ്പും റവന്യൂ വകുപ്പും ചേർന്ന് നടത്തുന്ന ഡിജിറ്റൽ ലാൻഡ് സർവ്വേയുടെ ഭാഗമായി ഏറ്റവും ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് മാപ്പിംഗ് നടത്തുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. അതാതു ജില്ലകളിൽ ഡിജിറ്റൽ സർവേ റവന്യൂ വകുപ്പും, സർവ്വേ വകുപ്പും നടത്തുന്നതിനൊപ്പമായിരിക്കും വനാതിർത്തികളുടെ ഡിജിറ്റൽ മാപ്പിംഗ് നടത്തുക. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വനം മിനി സർവ്വേ ഓഫീസ് ഡിജിറ്റലൈസ് ചെയ്യാനുള്ള നടപടികൾക്കുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി ഓരോ വനം സർക്കിളിലും, ജില്ലകളിലും സർവ്വേ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചേർന്ന് പ്രവർത്തിക്കുന്നതിന് നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുള്ളതാണ്. ഡിജിറ്റൽ സർവ്വെയുടെ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് വനാതിർത്തികളുടെ ഡിജിറ്റൈസേഷനും പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.